**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1613** — **08-12-2022 - ൽ മറുപടിയ്ക്ക്**

**അരുവിക്കര നിയോജക മണ്ഡലത്തിലെ ലാന്റ് അക്വിസിഷൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | **1. ചിറ്റാർ പാലം പുനർനിർമ്മാണം**<br><br>2013-ലെ LARR Act പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തീകരിച്ചിട്ടുള്ളതും പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ 19.10.2022 ന് രൂപീകരിച്ചിട്ടുള്ളതുമാണ്.<br><br>**2.പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണം**<br><br>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ 20.10.2022 ന് രൂപീകരിച്ചിട്ടുള്ളതാണ്.<br><br>**3. പന്നിക്കുഴി പാലം നിർമ്മാണം**<br><br>2013-ലെ LARR Act പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) 12/08/2022 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സെക്ഷൻ 15(3) പ്രകാരമുള്ള നടപടിക്രമം 28/10/2022 ൽ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എൽ.എ കോസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**4.അരുവിക്കര മൂഴി - മൈലം പാലം നിർമ്മാണം**<br><br>സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതിയെ 03.10.2022 ൽ രൂപീകരിച്ചു. വിദഗ്ധ സമിതിയുടെ വിലയിരുത്തൽ പഠനം നടന്നുവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടിയിൽ എക്സ്പേർട്ട് ഗ്രൂപ്പ് രൂപീകരിക്കുന്നതിലും റിപ്പോർട്ട് ലഭ്യമാക്കുന്നതിലും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ